# KCBC WOMEN'S COMMISSION

Pastoral Orientation Centre (P O C)

Palarivattom, Tel: 0484 2805722, 2805815



CHAIRMAN

**Mar Peter Kochupurakkal**
Bishop of Palakkad

VICE CHAIRMAN

**Most.Rev. Dr Thomas J Netto**

**Thomas Mar Eusebius**

EXECUTIVE SECRETARY

**Jane Ancil Francis**
Deepayan
Vallikeezhu
Kollam-691003
Mob:9447254 l78
email: janeancil@gmail.com

JOINT SECRETARY

**Sheeja Abraham**
Mob.9446 I I3545

TREASURER

**Anie Joseph**
Mob:9447233939

SPIRITUAL DIRECTOR

**Rev. Fr. Biju Kallungal**
Diocese of Palakkad
Mob: 9447828584


Date............................
All Kerala Press Release 16.08.2024

## പ്രാഗല്ഭ്യം തെളിയിച്ച വനിതകളെ അംഗീകരിക്കാനും ആദരിക്കാനും സമൂഹം തയ്യാറാകണം: ആർച്ച് ബിഷപ്പ് ഡോ. തോമസ് ജെ. നെറ്റൊ

കൊച്ചി: വിവിധങ്ങളായ മേഖലകളിൽ പ്രാഗല്ഭ്യം തെളിയിച്ചിട്ടുള്ള സ്ത്രീകളെ അംഗീകരിക്കാനും ആദരിക്കാനും പൊതുസമൂഹം സന്നദ്ധമാകണം എങ്കിൽ മാത്രമേ സ്ത്രീ സമൂഹത്തിന്റെ ശാക്തീകരണത്തിന് പ്രാമുഖ്യം ലഭിക്കുകയുള്ളൂ എന്ന് തിരുവനന്തപുരം ലത്തീൻ അതിരൂപതാധ്യക്ഷൻ ആർച്ചുബിഷപ് ഡോ. തോമസ് ജെ. നെറ്റോ അഭിപ്രായപ്പെട്ടു. കെസിബിസി വിമൻസ് കമ്മീഷന്റെ മൂന്നു ദിവസത്തെ പഠനക്യാമ്പ് പാലാരിവട്ടം പിഒസിയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. യേശുവിന്റെ കാലത്ത് വിജാതീയ അടിമകളുടെ സ്ഥാനം മാത്രമാണ് സ്ത്രീകൾക്കും ഉണ്ടായിരുന്നത്. എന്നാൽ തന്റെ ശിഷ്യഗണങ്ങളുടെ കൂടെതന്നെ സ്ത്രീകളെയും തന്നെ അനുഗമിക്കാനും തന്റെ ശുശ്രൂഷകളിൽ പങ്കാളികളാകാനും യേശു അനുവദിച്ചിരുന്നു. അവരുടെ കഴിവുകളെയും സാധ്യതകളെയും ദൈവരാജ്യപ്രഘോഷണ പ്രക്രിയയിൽ ഉപയോഗപ്പെടുത്തിക്കൊണ്ട് അവരെ ശാക്തീകരിക്കാനുള്ള ശ്രമമാണ് അവിടന്ന് ചെയ്തത്. ഈ കാലഘട്ടത്തിലും സ്ത്രീകളെ അവരുടെ വൈവിധ്യമാർന്ന കഴിവുകളെ പ്രതി അംഗീകരിക്കുകയും സമൂഹസൃഷ്ടിയിൽ അവ പ്രയോജനപ്പെടുത്തുകയും ചെയ്തുകൊണ്ട് അവരെ ശാക്തീകരിക്കുകയും എന്നതാണ് വിമൻസ് കമ്മീഷൻ ചെയ്യേണ്ടതെന്നും അദ്ദേഹം പറഞ്ഞു. വിമൻസ് കമ്മീഷന്റെ നേതൃത്വത്തിൽ തയ്യാറാക്കിയ സുവനീർ 'ദിവ' ബിഷപ്പ് മാർ പീറ്റർ കൊച്ചുപുരയ്ക്കൽ പ്രകാശനം ചെയ്തു.

വിമൻസ് കമ്മീഷൻ എക്സിക്യൂട്ടീവ് സെക്രട്ടറി ജെയിൻ ആൻസിൽ ഫ്രാൻസിസ് അദ്ധ്യക്ഷത വഹിച്ച മീറ്റിങ്ങിൽ കമ്മീഷൻ ചെയർമാൻ പാലക്കാട് രൂപത ബിഷപ്പ് മാർ പീറ്റർ കൊച്ചുപുരയ്ക്കൽ, ഫാ.ജേക്കബ് പാലക്കപ്പിള്ളി, ഫാ.ബിജു കല്ലിങ്കൽ, ഫാ.ജോസ്കിടങ്ങയിൽ,നാഷണൽ സെക്രട്ടറി സി.നവ്യ എഫ് സി സി, ആനി ജോസഫ്, ഷീജ എബ്രഹാം, ബീന ജോഷി, ഷേർലി സ്റ്റാൻലി, ജിജി മത്തായി, സിസ്റ്റർ ലാൻസൈൻ പറമ്പിൽ എസ് ആർ എ, അഡ്വ. എൽസി ജോർജ് ഡൽസി ലുക്കാച്ചൻ, അൽഫോൻസാ ആന്റിൽസ്, മീന റോബർട്ട്, ലീന ജോർജ്, പ്രൊ. റീത്താമ്മ കെ വി എന്നിവർ പ്രസംഗിച്ചു.

**ജയിൻ ആൻസിൽ ഫ്രാൻസിസ്**
എക്സിക്യൂട്ടീവ് സെക്രട്ടറി, കെസിബിസി വിമൻസ് കമ്മീഷൻ

ഫോട്ടോമാറ്റർ: കെസിബിസി വിമൻസ് കമ്മീഷൻ ത്രിദിന ക്യാമ്പ് വൈസ് ചെയർമാൻ ആർച്ച് ബിഷപ്പ് തോമസ് ജെ നെറ്റൊ ഉദ്ഘാടനം ചെയ്യുന്നു. ജെയിൻ ആൻസിൽ ഫ്രാൻസിസ്, ബിഷപ്പ് മാർ പീറ്റർ കൊച്ചുപുരയ്ക്കൽ, ഫാ. ജേക്കബ് ജി. പാലക്കപ്പിള്ളി, ഫാ. ബിജു കല്ലിങ്കൽ, ഫാ. ജോസ് കിടങ്ങയിൽ, സി.നവ്യ എഫ് സി സി, ആനി ജോസഫ്,ഷീജ എബ്രഹാം എന്നിവർ സമീപം.